സി.പി(2)10544/2011.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 28-07-2011.

**Email : keralarcs@coop.kerala.gov.in**
**Website : www.cooperation.kerala.gov.in**

**Tel No. 0471 2330726**

## സർക്കുലർ നമ്പർ 57/2011

വിഷയം :- സഹകരണ വകുപ്പ്- സഹകരണ മേഖലയിലൂടെ മൂന്ന് സെന്റും അതിനുമുകളിലും കൈവശ വസ്തുവുള്ള അംഗങ്ങൾക്കും വസ്തു ജാമ്യത്തിൽ വായ്പ അനുവദിക്കുന്നതിനുള്ള നടപടി - മാതൃകാ നിബന്ധനകൾ - നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : - സർക്കാരിന്റെ 1/3/11-ലെ 2032/സി3/2011/സഹ നമ്പർ കത്ത്.

സാമൂഹ്യ പ്രതിബദ്ധത മുഖ്യലക്ഷ്യമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ കർഷകർക്കും, കർഷകതൊഴിലാളികൾക്കും, ഇടത്തരക്കാർക്കും സാധാരണക്കാരിൽ സാധാരണക്കാരായ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ളവർക്കും സ്ഥിരമായി മാസവരുമാനം ഇല്ലാത്തവർക്കും ചെറിയ വായ്പകൾ കുറഞ്ഞ പലിശയ്ക്ക് നൽകി വരുന്നു. എന്നാൽ സഹകരണ സംഘങ്ങൾ ബാങ്കുകൾ എന്നിവയിൽ നിന്ന് വസ്തു ജാമ്യത്തിൽ വായ്പ എടുക്കുന്നതിന് 10 സെന്റ് ഭൂമി വേണമെന്ന നിബന്ധന നിലവിലില്ല എങ്കിലും വായ്പാ വേളയിൽ തിരിച്ചടവ് ശേഷി വസ്തുവിന്റെ മൂല്യം എന്നിവ കൂടി കണക്കിലെടുക്കുന്നതിന് 10 സെന്റ് ഭൂമിയ്ക്ക് താഴെ വസ്തുവുള്ളവർക്ക് വായ്പ നൽകാൻ പല സഹകരണ വായ്പാ സംഘങ്ങളും വിസമ്മതിക്കുന്നതിനാൽ ടിയാളുകൾക്ക് നിലവിൽ അവരുടെ മക്കളുടെ വിവഹം, വിദ്യാഭ്യാസം, വീട് വയ്ക്കുന്നത്, വീട് പുതുക്കിപ്പണി, സ്വന്തമായുള്ള ആവശ്യങ്ങൾ എന്നിവയ്ക്ക് അമിത പലിശയ്ക്ക് കടം കൊടുക്കുന്നവരിൽ നിന്ന് വായ്പ എടുക്കുകയും അവരുടെ വരുമാനത്തിന്റെ നല്ലൊരു ശതമാനം അപ്രകാരം പലിശ ഇനത്തിൽ നൽകേണ്ടി വരികയും ചെയ്യുന്ന അവസ്ഥ നിലവിലുള്ളതിനാൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ മുഖേന 3 സെന്റും അതിനുമുകളിലും കൈവശ വസ്തുവുള്ള അംഗങ്ങൾക്ക് വസ്തുവിന്റെ മതിപ്പു വിലയുടെ അടിസ്ഥാനത്തിൽ വസ്തു ജാമ്യത്തിൽ (മതിപ്പു വിലയുടെ പകുതി എങ്കിലും) വായ്പ അനുവദിക്കാവുന്നതാണെന്ന സർക്കാരിന്റെ സൂചനയിലെ നിർദേശാനുസരണം ഇത്തര

ക്കാരെ സഹായിക്കുന്നതിനായി ഓരോ വായ്പാ സഹകരണ സംഘങ്ങളും ബാങ്കുകളും തങ്ങളുടെ പ്രവർത്തന പരിധിയിലുള്ള ഇത്തരം അപേക്ഷകർക്ക് വായ്പ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതും, തദ്വാര അവർക്ക് ആശ്വാസം നൽകുന്നതിന് നടപടി കൈക്കൊള്ളുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

ടി പദ്ധതി വിജയകരമാക്കുന്നതിന് സഹകരണ സംഘം ഭാരവാഹികൾ എല്ലാ നടപടിയും സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു.

വകുപ്പ് ഉദ്യോഗസ്ഥർ, ഇതിനാവശ്യമായ നിർദ്ദേശങ്ങൽ സംഘങ്ങൾക്ക് നൽകേണ്ടതും അർഹതപ്പെട്ടവർക്ക് ഈ മാതൃകാ നിബന്ധനകളിലെ വ്യവസ്ഥ പ്രകാരം വായ്പ നൽകുന്നവെന്ന് ഉറപ്പാക്കേണ്ടതും ഓരോ മാസത്തിലേയും പ്രതിമാസ യോഗങ്ങളിൽ ഈ വായ്പ സംബന്ധിച്ച കാര്യങ്ങൾ പ്രത്യേകം അവലോകനം നടത്തേണ്ടതുമാണ്.

ഒപ്പ്
ഡോ. രവീന്ദ്രൻ. ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

1. എല്ലാ സർവ്വീസ് സഹകരണ ബാങ്കുകൾക്കും
   (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
2. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
3. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർ.
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
5. ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്കുകൾ.
6. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർ
   (ജില്ലാ സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ ബാങ്ക്).
7. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
9. വെബ്സൈറ്റ്
10. സ്റ്റോക്ക് ഫയൽ
11. സ്പെയർ

// ആജ്ഞാനുസരണം//

Sondabeevi

അസിസ്റ്റന്റ് രജിസ്ട്രാർ(സി.പി.സെക്ഷൻ)

✓

കെഎസ്.